പി.എം.ജി.എസ്.വൈ. പദ്ധതി

58 (1456) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ 2011-12, 2012-13, 2013-14 കാലയളവിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തിക്ക് ഇക അനുവദിച്ചിട്ടുണ്ടോ ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നടപ്പുസാമ്പത്തിക വർഷം പ്രവൃത്തികൾക്കൊന്നും ഇക അനുവദിച്ചിട്ടില്ല.

(സി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും പാതി വഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത റോഡുകൾ ഒന്നും തന്നെയില്ല.

മിഷൻ 676

59 (1457) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾ കാര്യക്ഷമമായി ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി നടപ്പിലാക്കുക, സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് അവ കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വകുപ്പ് അടിസ്ഥാനത്തിലല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നത് ; എല്ലാ വകുപ്പുകളുടെ പദ്ധതികളും ഇതിൽ ഉൾപ്പെടും.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676 - അഞ്ചിന പദ്ധതികൾ

60 (T1458) ശ്രീ. പാലോട് രവി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി അഞ്ചിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് ; വിശദമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly